**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*471 — 18.11.2019 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളുടെ ഫലപ്രദമായ വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ്<br>,, മോൻസ് ജോസഫ്<br>,, വി.ജെ.ജോസഫ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ ജനങ്ങളുടെ ചികിൽസയ്ക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണമായും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ടോ; സർക്കാർ ആശുപത്രികളിൽ അത്യാധുനിക ഉപകരണങ്ങൾപോലും കേടായി ജനങ്ങൾ സ്വകാര്യ ക്ലിനിക്കുകളെയും സ്ഥാപനങ്ങളെയും ആശ്രയിക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിലും മറ്റു ആശുപത്രികളിലും ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ വേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങുന്ന സമയത്ത് തന്നെ വാറന്റിക്ക് ശേഷം ഉപകരണങ്ങൾ പരിപാലിക്കാനും അറ്റകുറ്റപണികൾ നടത്താനും ഉള്ള CAMC (Comprehensive Annual Maintenance Contract) തുക ഉറപ്പിക്കുന്നു. അപ്രകാരം വാറന്റിക്കുശേഷം CAMC കരാർ വിതരണക്കാരുമായി ആശുപത്രി അധികൃതർ ഒപ്പു വയ്ക്കുന്ന പക്ഷം ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ വിതരണക്കാരൻ എത്രയും പെട്ടെന്ന് നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. അപ്രകാരം ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനും സാധിക്കുന്നു.മാത്രമല്ല ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ (ജില്ലാ ആശുപത്രി മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ) എല്ലാ ആശുപത്രി ഉപകരണങ്ങളുടെയും വാറന്റിക്കുശേഷമുള്ള പൂർണ്ണമായ പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി ബയോമെഡിക്കൽ എക്യുപ്മെന്റ്. മെയിന്റനൻസ് പ്രോഗ്രാം (BEMP) എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രികളിലുള്ള എല്ലാ ഉപകരണങ്ങൾക്കും ബാർകോഡ് ചെയ്തിട്ടുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനത്തിലൂടെ ടി ഉപകരണങ്ങളുടെ കേടുപാടുകൾ രജിസ്റ്റർ ചെയ്യുവാനും, ആയതിൻ പ്രകാരം തേർഡ് പാർട്ടി സർവ്വീസ് പ്രൊവൈഡർ ഉപകരണങ്ങളുടെ കേടുപാടുകൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ ഈ വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം കാണുന്ന തരത്തിൽ വെബ്സൈറ്റിൽ ലഭ്യമാണ്. അപ്രകാരം ആരോഗ്യ വകുപ്പിനു കീഴിലുള്ള ഉപകരണങ്ങളുടെ വാറന്റിക്ക് ശേഷമുള്ള പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ഉപകരണങ്ങൾ കേടാകാതെ ജനങ്ങളുടെ ചികിത്സയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താനും സാധിക്കുന്നു.<br>സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ ജനങ്ങളുടെ ചികിത്സയ്ക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ട്. ആത്യാധുനിക ഉപകരണങ്ങൾ കേടാകുന്നത് മൂലം ജനങ്ങൾ സ്വകാര്യ ക്ലിനിക്കുകളെ ആശ്രയിക്കുന്ന സ്ഥിതി വിശേഷം നിലവിലില്ല. |
| (ബി) | സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ നന്നാക്കുന്നതിന് ഐ.ടി.ഐ, പോളിടെക്നിക് വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തുമോ; ഇത്തരം സാങ്കേതികജ്ഞാനം ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ അപ്രൻറീസുകളായി നിശ്ചിതസമയത്തേക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ക്ലീൻ ഹോസ്പിറ്റൽ, ഗ്രീൻ ഹോസ്പിറ്റൽ പദ്ധതിയുടെ കീഴിൽ ആശുപത്രി ഉപകരണങ്ങളും ഫർണ്ണീച്ചറുകളും കേടുപാടുകൾ തീർക്കുന്നതിന് ഐ.ടി.ഐ -കളിൽ പരിശീലനം ആർജ്ജിച്ച വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായി ഒരു രൂപരേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ, പോളിടെക്നിക് വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശത്തെ തുടർന്ന് വ്യവസായ പരിശീലന വകുപ്പുമായി ചർച്ചയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>നിലവിൽ മെഡിക്കൽ കോളേജുകളിലെ ബയോ മെഡിക്കൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെയും ഐ.ടി.ഐ, പോളിടെക്നിക് ഡിപ്ലോമയുള്ള വിദ്യാർത്ഥികളേയും ട്രെയിനികളായി നിയമിച്ചു വരുന്നുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ വാങ്ങുമ്പോൾ ആയതിൻെറ മെയിന്റനൻസ് കരാർകൂടി ഒപ്പു വയ്ക്കുന്നതിനും ആയത് സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ്. പ്രധാനപ്പെട്ട ഉപകരണങ്ങൾ എല്ലാം മൂന്നു വർഷ വാറണ്ടിയിലാണ് വാങ്ങുന്നത്. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ വാങ്ങുമ്പോൾ വാറന്റിക്കുശേഷമുള്ള ഉപകരണങ്ങൾ പരിപാലിക്കാൻ വേണ്ടിയുള്ള CAMC (Comprehensive Annual Maintenance Contract) തുക മെഷീൻ വാങ്ങുന്ന സമയത്ത് തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉറപ്പു വരുത്തുന്നു. മാത്രമല്ല |

| | | | |
|---|---|---|---|
| | | | വാറന്റിക്ക് ശേഷമുള്ള മെയിന്റനൻസ് തുകയുടെ വിശദവിവരങ്ങൾ ആശുപത്രി അധികൃതരെ അറിയിക്കുകയും ചെയ്യുന്നു. |
| (ഡി) | ഡയാലിസിസ് മെഷീൻ പോലുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഡയാലിസിസ് മെഷീൻ പോലുള്ള ഉപകരണങ്ങൾ ആശുപത്രികളിൽ സ്ഥാപിക്കുന്ന സമയത്ത് തന്നെ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം വിതരണക്കാർ വഴി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തി വരുന്നു. മാത്രമല്ല ഏതു സമയത്തും ആശുപത്രി അധികൃതരിൽ നിന്നും അങ്ങനെ ഒരു പരിശീലനം ആവശ്യമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചാൽ അവ സമയബന്ധിതമായി വിതരണക്കാരൻ മുഖാന്തിരം വഴി ഒരുക്കുകയും ചെയ്തുവരുന്നു.. |
| (ഇ) | പല സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് സ്ഥലവും മെഷീനുകളും ഉണ്ടെങ്കിലും ജീവനക്കാരില്ലാത്തതും വേണ്ടത്ര തസ്തികകൾ അനുവദിക്കാത്തതും രോഗികളെ ദുരിതത്തിലാക്കുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | സർക്കാർ ആശുപത്രികളിൽ മിനിമം അംഗീകൃത നിലവാരം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണനിലവാരമുള്ള പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൃഷ്ടിച്ച തസ്തികകളിൽ വിവിധ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആവശ്യാനുസരണം ആശുപത്രി വികസന സമിതി മുഖേനയും ജീവനക്കാരെ നിയമിക്കുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ